# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.786** — **09.08.2017-ൽ മറുപടിയ്ക്ക്**

## ഗ്രാമീണ മേഖലയിൽ തീയേറ്റർ സമുച്ചയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ഡി.പ്രസേനൻ | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) ഗ്രാമീണ മേഖലയിൽ തീയേറ്റർ സമുച്ചയം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ; | (എ) നല്ല മലയാള ചലച്ചിത്രങ്ങൾ പ്രേക്ഷകരിൽ എത്തിക്കുന്നതിനായി കേരളത്തിലങ്ങോളമിങ്ങോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സർക്കാർ വകുപ്പുകളോ അനുവദിക്കുന്ന സ്ഥലങ്ങളിൽ ആധുനിക നിലവാരത്തിലുള്ള തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 100 കോടി രൂപ കിഫ്ബി ഫണ്ടിൽ നിന്നും കണ്ടെത്തുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) ആലത്തൂർ നിയോജക മണ്ഡലത്തിൽ ഇത്തരത്തിലുള്ള തീയേറ്റർ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ സ്ഥലം അനുവദിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ള ആലത്തൂർ ഗ്രാമപഞ്ചായത്തിൽ തീയേറ്റർ സമുച്ചയം തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) ആലത്തൂർ ഗ്രാമപഞ്ചായത്ത് തീയേറ്റർ നിർമ്മാണത്തിനായി സ്ഥലം അനുവദിക്കുവാൻ സന്നദ്ധമാണ് എന്ന് അറിയിക്കുന്ന പഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭിക്കുന്ന മുറയ്ക്ക് ടി സ്ഥലം സന്ദർശിച്ച് തീയേറ്റർ നിർമ്മാണ സാദ്ധ്യത വിലയിരുത്തിയതിനുശേഷം തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ